Sri. E. John Philipose : That is the information conveyed here. The Works Committee for Thiruvalla Taluk met twice, that is, on 19th April 1950 and 1st May 1950.

ശ്രീ. കെ. എ. മാത്യു : ഇയ്യാണ്ടത്തെ ബഡ്ജറിനുവേണ്ടി ആ കമ്മിറ്റി ഒരിക്കലും കൂടിയിട്ടില്ലെന്നറിയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : അറിയാം. അതിനെ സംബന്ധിച്ച് സമാധാനം ആവശ്യപ്പെട്ടകയുണ്ടായി. അപ്പോൾ പുതിയ സബ്ഡിവിഷൻ അടിസ്ഥാനത്തിൽ കമ്മിറ്റികൾ ഉണ്ടാക്കണമെന്നു തീരുമാനിച്ചിരിക്കുന്നസ്ഥിതിക്ക് നിലവിലിരിക്കുന്ന കമ്മിറ്റികൾ കൂടേണ്ടതില്ലെന്നുള്ള ഒരു തെറ്റിധാരണയിന്മേലാണ് തിരുവല്ലായിലെ കമ്മിറ്റി കൂടാതിരുന്നതു എന്ന സമാധാനമാണ് കിട്ടിയിട്ടുള്ളതു.

ശ്രീ. കെ. എ. മാത്യു : സബ്ഡിവിഷൻ ബേസിസിൽ എന്തുകൊണ്ടാണ് ഇതേവരെ കമ്മിറ്റികൾ രൂപീകരിക്കാത്തതു?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : അതിനു ചീഫ് ഇഞ്ചിനീയരുടെ നിർദ്ദേശങ്ങൾ ഇതുവരെ മുഴുവനായി രൂപീകരിക്കപ്പെട്ടിട്ടില്ല.

ശ്രീ. കെ. എ. മാത്യു : ഈതു ഇതുവരെ എന്തുകൊണ്ടാണ് പൂർത്തിയാകാത്തതെന്നു ചീഫ് ഇഞ്ചിനീയരോട് ചോദിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : അതിനുവേണ്ട വിവരങ്ങൾ ചീഫ് ഇഞ്ചിനീയർ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.

ബസ്സുപകടത്തിൽപെട്ട മരിച്ചുവക്കു കൊടുത്ത സംഖ്യ

*൯൯. (൯൪) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ —

(എ) തൃശ്ശിവപേരൂർ ഡിസ്ട്രിക്ടിൽ ഇരിങ്ങാലക്കുടയിൽവച്ചുണ്ടായ ഇലക്ട്രിക്കു ഷോക്കു ബസ്സുപകടത്തിൽപെട്ട മരിച്ചുപോയവക്കു കൊടുത്ത Compensation സംഖ്യ എന്താണു;

(ബി) ഇപ്രകാരം ഓരോരുത്തക്കും കൊടുത്ത സംഖ്യ എന്താണു;

(സി) ഈ സംഖ്യയുടെ വിഹിതം തീർച്ചയാക്കിയതാരാണെന്നും എന്തടിസ്ഥാനത്തിന്മേലാണെന്നും പറയുവാൻ ദയവുണ്ടാകുമോ?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്) : ഇരിങ്ങാലക്കുടവച്ചുണ്ടായ ബസ്സുപകടത്തിൽപ്പെട്ടവക്കു കാമ്പൻസേഷൻ കൊടുക്കുന്ന കാര്യം ഗവൺമെണ്ടിന്റെ പര്യാലോചനയിൽ ഇരിക്കയാണു.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ : ഈ അപകടം ഉണ്ടായതു് എങ്ങനെയാണെന്നു പറയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : മുമ്പു് ഇതിനെ സംബന്ധിച്ചു് ഒരു ചോദ്യം ഉണ്ടായിട്ടുണ്ടു്. അന്നു ഈ വിവരങ്ങൾ എല്ലാം വിശദമായിട്ടു് പറഞ്ഞിട്ടുണ്ടു്.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ : കാമ്പൻസേഷൻ കൊടുക്കുന്നതിനു് ഗവൺമെണ്ടു് ഇതുവരെയായി എന്തുനടപടികൾ എടുത്തിട്ടുണ്ടെന്നു് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : സ്റ്റേറ്റ് ഇൻഷ്വറൻസ് ആഫീസർ അതിനെപ്പറ്റി അന്വേഷണം നടത്തി ഒരു റിപ്പോർട്ട് ഗവണ്മെണ്ടിലേക്ക് സമർപ്പിച്ചിട്ടുണ്ട്. അതു പഠിച്ചുവരുകയാണ്.

Sri. V. K. Achutha Menon : What is the amount recommended by the State Insurance Officer?

Sri. E. John Philipose : The State Insurance Officer has recommended an amount of Rs. 21,000 to be paid as compensation.

ലൈസൻസ് ഫീസ്

*൧൦൦. (നം. ൪) ശ്രീ. കോന്നാത്തു കുഞ്ഞിരാമമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊച്ചി ഗവണ്മെണ്ടിന്റെ കീഴിൽ വിദ്യാഭ്യാസജോലി നോക്കിവന്നിരുന്നവരെ സ്ഥാപിക്കാൻ അദ്ധ്യാപകന്മാരോട് തിരുവിതാംകൂറിൽ അദ്ധ്യാപകജോലിയിൽ പ്രവേശിക്കുന്നതിനു വീണ്ടും ലൈസൻസുഫീസ് വസൂൽചെയ്യുന്നതിനു ഗവണ്മെണ്ട് നടപടികൾ നടത്തിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതു ന്യായീകരിക്കത്തക്കതാണോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ & ബി) കൊച്ചി ഗവണ്മെണ്ടിന്റെ കീഴിൽ വിദ്യാഭ്യാസജോലി നോക്കിവന്നിരുന്ന അദ്ധ്യാപകന്മാരെ തിരുവിതാംകൂർ വിഭാഗത്തിൽ അദ്ധ്യാപകജോലിയിൽ പ്രവേശിപ്പിക്കുന്നതിനു് ആവശ്യമായ ലൈസൻസ് ഫീസ് വാങ്ങാൻ ഗവണ്മെണ്ടിൽനിന്നും നടപടികൾ ഒന്നും എടുത്തിട്ടില്ല. എന്നാൽ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റ് മേലദ്ധ്യക്ഷൻ താഴെ പറയുംപ്രകാരം ഒരു സർക്കുലർ അയച്ചതായി റിപ്പോർട്ട് കിട്ടിയിട്ടുണ്ട്.

"As the present practice of the department is to have different rules for the Cochin and Travancore areas in matters regarding education, till new rules are set up for the United State, fresh licences have to be issued while a teacher is posted in a school from Travancore area to Cochin area and vice versa."

ഈ സർക്കുലറിനെപ്പറ്റി പരാതി ബോധിച്ചു ഉടൻതന്നെ അങ്ങിനെ പുതിയ ലൈസൻസോ, പെർമിറ്റോ എടുക്കേണ്ട ആവശ്യമില്ലെന്നും തിരുവിതാംകൂറിൽ അദ്ധ്യാപകവൃത്തിക്ക് ഒരിക്കൽ എടുത്തിട്ടുള്ള ലൈസൻസ് കൊച്ചി വിഭാഗത്തിലെ അദ്ധ്യാപകജോലിക്കും, അപ്രകാരംതന്നെ കൊച്ചി വിഭാഗത്തിൽനിന്നും സിലോൺചിട്ടുള്ള ലൈസൻസ് തിരുവിതാംകൂർ വിഭാഗത്തിലെ അദ്ധ്യാപകജോലിക്കും ഒരുപോലെ സാധുവായി പരിഗണിക്കേണ്ടതാണെന്ന് ഗവണ്മെണ്ടിൽനിന്നും ഉത്തരവയച്ചിട്ടുണ്ട്.

PRIVATE SECONDARY SCHOOL TEACHERS SCHEME

***101.** [36.] **Sry. Annie Mascarene :** Will the hon'ble Minister for Education be pleased to state :

(*a*) whether any directions have been received from the Central Government regarding the Private Secondary School Teachers' Scheme or any other aspect of Secondary education; and

(*b*) whether the Government have sought advice from the Central Government ?

LIBRARY ARCHIVES Kerala Legislative Assembly